# വിഭവങ്ങൾക്കുമേലുള്ള അധികാരവകാശം സംരക്ഷിക്കലിന്റെ രാഷ്ട്രീയം തിരിച്ചറിയണം

**ആർ. അജയൻ**

(ജോയിന്റ് കൗൺസിൽ പ്രവർത്തകൻ)

1. കൊക്കോകോള കമ്പനി ഭൂഗർഭജലം ഊറ്റുന്നത് ജൂൺ 15 വരെ നിർത്തിവക്കാൻ ഗവൺമെന്റ് ഉത്തരവിട്ടത് ജനകീയ ഇടപെടലിന്റെ ഫലമായിട്ടാണ്. സുനിതാനാരായണൻ അഭിപ്രായപ്പെട്ടതുപോലെ കൊക്കോകോള കമ്പനിക്കെതിരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന പ്രക്ഷോഭങ്ങളിൽ താല്ക്കാലിക വിജയം നേടിയത് പ്ലാച്ചിമടയിൽ മാത്രമാണ്. വിഭവങ്ങളുടെ മേലുള്ള അധികാരം ജനങ്ങൾക്കുള്ളതാണെന്ന് പ്രഖ്യാപിക്കാൻ കഴിഞ്ഞുവെന്നത് നിസ്സാരമല്ല. ഗ്രാമപഞ്ചായത്ത് ഇക്കാലമത്രയും നടത്തിയ പോരാട്ടം തദ്ദേശീയരായ ജനങ്ങളുടെ ഇച്ഛാശക്തിയെ പ്രതിഫലിപ്പിക്കുന്ന തരത്തിലാണ്. കോള കമ്പനിക്കു ലൈസൻസ് കൊടുക്കാതിരുന്ന പഞ്ചായത്ത് തീരുമാനത്തിന്മേൽ ഗവൺമെന്റുത്തരവ് വന്നത് ഭരണഘടനാപരമായ തദ്ദേശസ്ഥാപനങ്ങൾക്കുള്ള അധികാരം ദുർബ്ബലപ്പെടുത്തുന്നതാണ്. കേരള പഞ്ചായത്ത് നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി പ്രവർത്തിച്ച പെരുമാട്ടി പഞ്ചായത്തിന്റെ തീരുമാനത്തെ റദ്ദാക്കലിനെ ചങ്ങലക്കു ഭ്രാന്ത് പിടിക്കുന്നതുമായിട്ട് മാത്രമേ സാദൃശപ്പെടുത്താൻ കഴിയൂ. കേരളം ഭരിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിന് കോള കമ്പനിയോടുള്ള വിധേയത്വം പ്രകടിപ്പിക്കലാണ് ഈ "ഓവർ റൂലിംഗ്" നടപടിയിലൂടെ ഗവൺമെന്റുദ്ദേശിച്ചത്. ഭരണക്കാർക്കു തന്നെ അറിയാമായിരുന്നു കോടതിയിൽ ഗവൺമെന്റ് നടപടി നിലനില്ക്കില്ലെന്ന്. വർഷകാലമായാൽ കോളകമ്പനിക്ക് പ്രവർത്തിക്കാൻ ഗവൺമെന്റ് അനുമതി നല്കുമെന്ന് ഉറപ്പല്ലേ. പക്ഷേ തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ കോളകമ്പനി അടച്ച് പൂട്ടലിനുവേണ്ടി ശക്തമായ സമരം ഞങ്ങൾ പ്ലാൻ ചെയ്യും. സെക്രട്ടറിയേറ്റ് നടയിൽ, ഭരണസിരാകേന്ദ്രത്തിന് മുമ്പിൽ ഗവൺമെന്റ് ശക്തമായ പ്രക്ഷോഭത്തെ നേരിടേണ്ടിവരും. പ്ലാച്ചിമടയിൽ തദ്ദേശീയരായ ജനങ്ങൾ നടത്തുന്ന സമരത്തിന് കേരള ജനതയുടെ പൂർണ്ണ പിന്തുണ ഉണ്ടാകും. ഭരണകൂടവും കോള കമ്പനിയും ജനകീയ സമരത്തിന്റെ മുമ്പിൽ അടിയറവ് സമ്മതിക്കേണ്ടിവരും.

2. വനം, മണ്ണ് ഇതെല്ലാം സമൂഹത്തിനാകെ അവകാശപ്പെട്ടതാണ്. അതിന്റെ വിനിയോഗം തീരുമാനിക്കേണ്ടത് ജനങ്ങളാണ്. മാനദണ്ഡങ്ങൾ ഈ അടിസ്ഥാനത്തിലായിരിക്കണം. വികസനമെന്ന പേരിൽ അമിതമായി, അനിയന്ത്രിതമായി വിഭവങ്ങളെ ചൂഷണം ചെയ്യുന്നത് ആരെ ഗുണപ്പെടുത്താൻ ഈ ചോദ്യത്തിനുത്തരം നാം കണ്ടെത്തണം. പോരാ. പ്രതികരിക്കണം.

3. പെപ്സിക്കെതിരെ ജനവികാരം ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ ശക്തിപ്പെടുന്നുണ്ട്.

4. നിയോ ലിബറൽ സാമ്പത്തിക പരിഷ്കാരങ്ങളുമായി ബന്ധപ്പെടുത്തി വേണം ഈ പ്രശ്നങ്ങളെ സമീപിക്കാൻ. ആഗോളവൽക്കരണം, ഉദാരവല്ക്കരണം, സ്വകാര്യവല്ക്കരണം എന്നീ മൂന്ന് ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി സ്വദേശി, വിദേശി കുത്തകമൂലധനമാണിന്നത്തെ ഗൗരവമേറിയ പ്രശ്നം. ജനതയുടെ ജീവിതവും ജീവനോപാധികളുമൊക്കെ തകർത്തെറിഞ്ഞുകൊണ്ട് സമൂഹത്തിന്റെ പൊതുസ്വത്തായ അല്ലെങ്കിൽ വിഭവങ്ങളായ ഭൂമി, ജലം, വനം, കടൽ കടലോരങ്ങൾ തുടങ്ങിയവയെല്ലാം ബഹുരാഷ്ട്ര കോർപ്പറേറ്റുകളുടെ കയ്യിലേക്കു മാറ്റപ്പെടുന്നു, വലിയൊരു വിഭാഗം ജനത ഇതിനെയൊക്കെ ഫലമായി പ്രാന്തവല്ക്കരിക്കപ്പെടുന്നു. അവരുടെ ജീവിക്കാനുള്ള അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു. വെള്ളം, വൈദ്യുതി, ഗതാഗതം, ആരോഗ്യം, പൊതുവിദ്യാഭ്യാസം തുടങ്ങിയ പൊതുസേവനമേഖലകൾ സ്വകാര്യ മുതലാളിമാർക്കു വേണ്ടിയുള്ളതായി മാറുന്നു. ഇതിനൊക്കെതിരെ ജനകീയ കമ്മീഷനോ, വിശകലനങ്ങളോ, ചർച്ചകളോ ഒന്നുമല്ല വേണ്ടത്. ജനവിരുദ്ധ ശക്തികൾക്കെതിരെ പരസ്പരം കൈകോർത്ത് പിടിച്ചുകൊണ്ട് വഹിച്ച ജനകീയ ഐക്യം കെട്ടിപടുത്തുകൊണ്ട്, ആഗോളവൽക്കരണ വിരുദ്ധ പോരാട്ടങ്ങൾ വളർത്തണം. തന്താങ്ങളുടെ നിലപാടുകളെ ന്യായീകരിച്ച് മറ്റുള്ളവരെ വിമർശിച്ചും തങ്ങളാണു ശരി, ബാക്കിയെല്ലാം തെറ്റായിട്ടുള്ളതാണെന്ന് പറഞ്ഞ് തൃപ്തിപ്പെടുന്ന രീതി മാറണം. ജനകീയ സമരങ്ങളൊന്നു മാത്രമേ ജനങ്ങളുടെ ജീവിക്കാനുള്ള അവകാശത്തിന് ഗ്യാരണ്ടിയുള്ളു. ഐക്യപെടലിനും കേരളീയത്തിനും അതിന്റേതായ പങ്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

5. വിഭവങ്ങൾക്കുമേലുള്ള അധികാരാവകാശം സംരക്ഷിക്കലിന്റെ രാഷ്ട്രീയം നാം തിരിച്ചറിയണം. വികസന പരിപ്രേക്ഷ്യം (Development Perspective) വളരെ വിശാലവും വികേന്ദ്രീകൃതവും നീതിപൂർവ്വകവും ഭാവി തലമുറക്കുവേണ്ടിയായിരിക്കണമെന്നതാണ് അംഗീകരിക്കപ്പെടേണ്ടത്. ജലത്തിന്റെ കാര്യത്തിലും ഈ മാനദണ്ഡം വച്ചുപുലർത്തണം. നമ്പ്രേത്തിൽനിന്നു നന്മ പ്രതീക്ഷിക്കുന്നു. ജനകീയ ഇടപെടലുകൊണ്ടേ നീതിനിഷേധങ്ങൾ തിരുത്തപ്പെടുള്ളൂ.

## കേരളീയം

### വരിക്കാരുടെ ശ്രദ്ധയ്ക്ക് :

കഴിഞ്ഞ 5 വർഷത്തിലധികമായി (81 ലക്കങ്ങൾ) പ്രസിദ്ധീകരിച്ചുവരുന്ന നിങ്ങളുടെ കേരളീയം വായനക്കാരിൽനിന്ന് വരിസംഖ്യ പ്രതീക്ഷിക്കുന്നു. വരിസംഖ്യ കുടിശ്ശിക വരുത്തിയവർക്കും കുറേക്കാലങ്ങളായി മാസിക അയച്ചുവരികയാണ്. ഇനി മുതൽ കുടിശ്ശികയും ഒപ്പം പുതിയ വരിസംഖ്യയും (120 രൂപ) അയയ്ക്കാത്തവർക്ക് മാസിക ലഭിക്കുന്നതല്ല. കേരളീയം മെച്ചപ്പെട്ട രീതിയിൽ നിലനിൽക്കാൻ നിങ്ങളുടെ സാമ്പത്തിക പിന്തുണയും അത്യാവശ്യം.

തുക എം.ഒ./ഡി.ഡി./ചെക്ക് (കളക്ഷൻ ചാർജ്ജ് കൂട്ടിച്ചേർത്ത്) അയയ്ക്കുക.

മാനേജിങ്ങ് എഡിറ്റർ, കേരളീയം, കൊക്കാല, തൃശൂർ-21

## കളിപ്പാട്ടങ്ങൾ വേണം

മണ്ണ്, മരം, മുള/ഈറ്റ, ചിരട്ട, ഇല തുടങ്ങി ലളിതവും പാരിസ്ഥിതിക സൗഹൃദം പുലർത്തുന്നതുമായ കേരളീയ പ്രാദേശിക വിഭവങ്ങൾ കൊണ്ടുണ്ടാക്കിയ കളിപ്പാട്ടങ്ങൾ ആവശ്യമുണ്ട്. രൂപകൽപ്പന, നിർമ്മാണം എന്നീകാര്യങ്ങൾ അറിയുന്നവരും വിശദമായി എഴുതുക. ശാരീരികവും മാനവികവുമായ വ്യായാമത്തിനും ഉല്ലാസത്തിനും പറ്റിയ പ്രത്യേകിച്ച് കുട്ടികളുടെ അഹിംസാത്മകമായ ബുദ്ധിവികാസത്തിന് അനുഗുണമായ കളിപ്പാട്ടങ്ങളാണ് വേണ്ടത്. കത്തിനോടൊപ്പം ഫോൺ നമ്പറും അനുബന്ധ വിവരങ്ങളും അറിയിക്കണം.

ഉടനെ എഴുതുക. മാർക്കറ്റിങ്ങ് മാനേജർ, കേരളീയം, കലവറ ഗ്രീൻചാനൽ & ഇക്കോഷോപ്പ്, മുനിസിപ്പൽ മാർക്കറ്റ് ബിൽഡിങ്ങ്, തൃശൂർ-21.

ഫോൺ : 0487-2421385, 2991016

**MBA**
**M.Sc.** Bio Informatics
**MCA**

**SENSORIUM**

N.P. Complex, Mannath Lane
M.G. Road, Trichur
Ph : 95-487 2320478
Mobile : 94470 20478